I ഇ.ബി. XIV - കേരള നിയമസഭ/XXII-7

## പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജനവരി 18, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 4962-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 14-11-2019-ലെ നക്ഷത്രചിഹ്നമിടാത്ത 4962-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II ഗവർണ്ണറുടെ സന്ദേശം

2021 ജനുവരി 14-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## III അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ സംബന്ധിച്ച വിഷയം തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരിഗണനയിലായതിനാൽ സഭയിൽ ചർച്ച നടത്തുന്നത് ഉചിതമല്ല. അടിയന്തര പ്രാധാന്യമില്ലാത്ത പ്രസ്തുത വിഷയം ആദ്യത്തെ സബ്മിഷനായി അവതരിപ്പിക്കാൻ അനുവാദം നൽകുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുചുറ്റും വന്ന് ബഹളം വയ്ക്കുകയും പ്രസ്താവന നടത്തിയശേഷം സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം

ശ്രീ. എസ്. ശർമ്മ: കൊച്ചി എണ്ണശുദ്ധീകരണശാല ഉൾപ്പെടെയുള്ള ബി.പി.സി.എൽ. കമ്പനികളും മറ്റ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവത്കരിക്കാനുള്ള കേന്ദ്ര തീരുമാനം സംസ്ഥാനത്താകെ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. 2018-ൽ വൻതോതിൽ ലാഭമുണ്ടാക്കിയതും 1.60 ലക്ഷം കോടി രൂപ ഓഹരി മൂലധനവുമുള്ള ബി.പി.സി.എൽ.-ന്റെ സ്വകാര്യവത്കരണം തടയേണ്ടതാവശ്യമാണ്. ഇത് അവിടത്തെ സ്ഥിരം/കരാർ ജീവനക്കാരെയും ദുരിതത്തിലാക്കിയിരിക്കുകയാണ്. വിവിധ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കുന്ന പെട്രോകെമിക്കൽ ഹബ്ബിന്റെയും സ്കിൽ ഡെവലപ്മെന്റിന്റെ പ്രവർത്തനത്തെയും ഇത് അപകടത്തിലാക്കിയിരിക്കുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ സ്വകാര്യവത്കരണത്തിനെതിരെ പ്രതിഷേധിക്കുന്നതോടൊപ്പം ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറിക്ക് സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയെ സംബന്ധിച്ചും പരിശോധിക്കേണ്ടതാണ്. ബി.പി.സി.എൽ.-നെ

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിൽ ലയിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കാനും ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കാനും പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്ന നടപടിയിൽനിന്നും കേന്ദ്ര സർക്കാരിനെ പിന്തിരിപ്പിക്കാനും തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര സർക്കാർ നടപടി പ്രതിഷേധാർഹമാണ്. കൊച്ചിൻ റിഫൈനറിയുടെ സ്വകാര്യവത്കരണത്തിൽനിന്ന് പിന്മാറണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും രണ്ടുതവണ കത്തയച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അടച്ചുപൂട്ടാനുദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് പൊതുമേഖലയിൽത്തന്നെ നിലനിർത്താനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. വ്യവസായ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിക്ക് വില നൽകണമെന്ന കേന്ദ്ര സമീപനം അപലപനീയമാണ്. ഇക്കാര്യത്തിൽ നിയമപരമായ സാധ്യതകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (2) ഒ.ബി.സി./എസ്.ഇ.ബി.സി. സംവരണം

ശ്രീ. ടി. എ. അഹമ്മദ് കബീർ: സംസ്ഥാനത്തെ ഒ.ബി.സി./എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവരണം ഇരട്ടിയാക്കുന്നതിനും ഇക്കാര്യത്തിലുള്ള സംവരണവിഭാഗങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിവിധ കോഴ്സുകളിൽ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് അവസരം നിഷേധിക്കുന്ന നടപടി പരിശോധിക്കണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളിലെയും വിദ്യാർത്ഥി പ്രവേശനത്തിന് അതത് സ്ഥാപനങ്ങളുടെ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസുകളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് സംവരണ മാനദണ്ഡങ്ങൾ പാലിച്ചുവരുന്നത്. ഒ.ബി.സി./എസ്.ഇ.ബി.സി., പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ആർട്സ് ആന്റ് സയൻസ് ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ 20 ശതമാനം വീതവും മുന്നോക്ക സമുദായങ്ങളിലെ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 10 ശതമാനം സംവരണവുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. എയ്ഡഡ് കോളേജുകളിലെ പ്രവേശനം ഡയറക്ട് പേമെന്റ് എഗ്രിമെന്റ് പ്രകാരവും പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള 25 ശതമാനം സംവരണവുമാണ് അനുവദിച്ച് വന്നിരുന്നത്. 06-10-2008-ലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബി സമുദായത്തിന് ഒരു ശതമാനം സംവരണം കൂടി അനുവദിച്ച് എസ്.സി.ബി.സി. സംവരണം 26 ശതമാനമാക്കുകയും പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് 30 ശതമാനമായി ഉയർത്തുകയും മെഡിക്കൽ-പി.ജി. കോഴ്സിന് 9 ശതമാനം സംവരണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മെഡിക്കൽ പി.ജി. കോഴ്സിന് എസ്.ഇ.ബി.സി. സംവരണം ഉയർത്തുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## V സബ്മിഷൻ

(1) <u>പ്രിസൈഡിംഗ് ഓഫീസറെ ഭീഷണിപ്പെടുത്തിയത് സംബന്ധിച്ച്</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ദിവസം കാസർഗോഡ് ജില്ലയിലെ

ഒരു പോളിംഗ് സ്റ്റേഷനിൽ പ്രവേശിച്ച് പ്രിസൈഡിംഗ് ഓഫീസറെ ഭീഷണിപ്പെടുത്തിയ സി.പി.എം. നേതാവും ഉദുമ എം.എൽ.എ.-യുമായ ശ്രീ. കെ. കുഞ്ഞിരാമനെതിരെ നടപടി സ്വീകരിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്ന ദിവസം വോട്ടുചെയ്യാൻ പോളിംഗ് സ്റ്റേഷനിലെത്തിയപ്പോൾ പ്രിസൈഡിംഗ് ഓഫീസറും വോട്ടർമാരും തമ്മിൽ വഴക്കിടുന്നത് ശ്രദ്ധയിൽപ്പെടുകയും സംഭവമെന്താണെന്ന് അന്വേഷിച്ച എന്നോട് പ്രിസൈഡിംഗ് ഓഫീസർ മോശമായി പെരുമാറുകയുമാണുണ്ടായത്. പ്രിസൈഡിംഗ് ഓഫീസറുമായി എനിക്ക് മുൻപരിചയം ഉണ്ടായിരുന്നില്ല. വോട്ടെടുപ്പ് തടസ്സപ്പെട്ടിരിക്കുകയാണെന്നും അടിയന്തരമായി ഇടപെടണമെന്നും കളക്ടറോട് ആവശ്യപ്പെട്ടതല്ലാതെ പ്രസ്തുത ഉദ്യോഗസ്ഥനെ അപമാനിക്കാനോ ആക്ഷേപിക്കാനോ ശ്രമിച്ചിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ കാസർഗോഡ് പള്ളിക്കര ഗ്രാമപഞ്ചായത്തിലെ ആലക്കോട് വാർഡിലെ പോളിംഗ് സ്റ്റേഷനിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പ്രിസൈഡിംഗ് ഓഫീസർ അദ്ദേഹത്തിന്റെ

ചുമതലയിൽപ്പെടാത്ത കാര്യം ചെയ്തപ്പോൾ ഉദുമ എം.എൽ.എ അതിലിടപെടുകയും ജില്ലാ കളക്ടറെ അറിയിക്കുകയുമാണ് ചെയ്തത്. ഇതു സംബന്ധിച്ച പ്രിസൈഡിംഗ് ഓഫീസറുടെ കത്തിന്മേൽ തെരഞ്ഞെടുപ്പ് കമ്മീഷൻ കളക്ടറോട് വിശദീകരണം ചോദിക്കുകയും പ്രിസൈഡിംഗ് ഓഫീസറുടെ ഭാഗം കേൾക്കാനായി അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. പരാതി ലഭിച്ചിട്ടില്ലെങ്കിലും പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യെ പ്രാഥമികാന്വേഷണതിന് ചുമതലപ്പെടുത്തുകയും അന്വേഷണം നടന്നുവരികയുമാണ്.

(2) <u>പ്രത്യേക ഭൂപതിവ് ചട്ടങ്ങൾ</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ഇടുക്കി ജില്ലയിലെ കർഷകർക്ക് സഹായകരമായ നിലയിൽ പട്ടയഭൂമിയിലെ നിർമ്മാണ നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിനും ഭൂപതിവ് ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതി കൊണ്ടുവരുന്നതിനും മൂന്നാർ സംരക്ഷണത്തിന് പ്രത്യേക നിയമ നിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നത് കൃഷിക്കും

ഗൃഹനിർമ്മാണത്തിനും ഗുണപരമായ ഉപയോഗത്തിനും മാത്രമാണ്. 1993-ലെ ഭൂമി പതിവ് ചട്ടത്തിൽ ചെറിയ ഷോപ്പുകൾ കൂടി പതിവ് ഭൂമിയിൽ അനുവദനീയമാണ്. പൊസഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ നിർമ്മാണം നടത്താനുദ്ദേശിക്കുന്ന ഭൂമി കേരള ലാൻഡ് അസൈൻമെന്റ് ആക്ട് പ്രകാരം പ്രത്യേക ആവശ്യത്തിനായി പതിച്ച് നൽകിയതാണോയെന്ന് വില്ലേജ് ഓഫീസർ പരിശോധിച്ച് അക്കാര്യംകൂടി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തി നൽകണമെന്ന ഹൈക്കോടതി വിധിക്കെതിരെ സർക്കാർ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും അപ്പീൽ ഫയൽ ചെയ്തുവെങ്കിലും അതെല്ലാം തള്ളുകയാണുണ്ടായത്. ഭൂമി പതിവ് വ്യവസ്ഥകളുടെ ലംഘനത്തോടുകൂടിയുള്ളതും ഉപജീവനാർത്ഥമുള്ളതുമായ ചെറിയ നിർമ്മിതികൾ സാധൂകരിച്ച് നൽകുന്നതിനായി ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## (3) <u>വേലിയേറ്റംമൂലമുണ്ടാകുന്ന പ്രതിസന്ധി</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: മൺട്രോതുരുത്ത് നിവാസികളെ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനും പ്രസ്തുത പ്രദേശത്തെ

ജനങ്ങൾ നേരിടുന്ന വേലിയേറ്റ ഭീഷണി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സുനാമിക്കുശേഷം മൺട്രോതുരുത്തിൽ വർഷാവർഷമുണ്ടാകുന്ന വേലിയേറ്റം രൂക്ഷമായ തോതിലാണ് ഈ വർഷം അനുഭവപ്പെട്ടത്. അടിയന്തരസാഹചര്യം സംജാതമായാൽ പ്രദേശവാസികളെ മാറ്റിപ്പാർപ്പിച്ച് താമസം, ഭക്ഷണം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ കൊല്ലം തഹസീൽദാർക്കും മൺട്രോതുരുത്ത് വില്ലേജ് ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വേലിയേറ്റംമൂലവും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ മൂലവും സാമ്പത്തികനഷ്ടം നേരിടുന്ന മൺട്രോതുരുത്തിലെ മത്സ്യ-ചെമ്മീൻ കർഷകരെ സഹായിക്കുന്നതിനായി പ്രത്യേക നഷ്ടപരിഹാര പാക്കേജുകൾ പ്രഖ്യാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രാഥമിക രൂപരേഖ തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ മേധാവികൾക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പങ്കാളിത്തത്തോടുകൂടി മൺട്രോതുരുത്ത് വില്ലേജിനായി ദുരന്ത നിവാരണ ആസൂത്രണരേഖ തയ്യാറാക്കിയിട്ടുണ്ട്.

(4) കുടുംബി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തൽ

ശ്രീ. വി. ഡി. സതീശൻ: കുടുംബി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 2014-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ശിപാർശയിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കിർത്താർഡ്സിനോട് അധിക വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി ശിപാർശ കേന്ദ്രസർക്കാരിലേയ്ക്ക് അയയ്ക്കാൻ സർക്കാർ തയ്യാറാണ്.

(5) ശബരിമല ഇടത്താവളം

ശ്രീ. എൽദോ എബ്രഹാം: മൂവാറ്റുപുഴയിലെ വെള്ളൂർക്കുന്നം ശ്രീമഹാദേവ ക്ഷേത്രം, ശ്രീകുമാര ഭജന ദേവസ്വം ക്ഷേത്രം, പുഴക്കരക്കാവ്

ദേവീക്ഷേത്രം എന്നിവിടങ്ങളിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സ്വകാര്യ ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല. മൂവാറ്റുപുഴയിലെ പ്രസ്തുത സ്വകാര്യ ക്ഷേത്രങ്ങളെ 'തത്വമസി' പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ സൗകര്യമൊരുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (6) കുടിവെള്ള പദ്ധതികൾ

ശ്രീ. എം. സ്വരാജ്: ഇടക്കൊച്ചി-പള്ളുരുത്തി പ്രദേശങ്ങളിലും ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ കെ. കൃഷ്ണൻകുട്ടി): ഇടക്കൊച്ചിയിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലുവയിൽ 143 ദശലക്ഷം ലിറ്റർ സ്ഥാപിതശേഷിയുള്ള ജലശുദ്ധീകരണശാലയുടെ

നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി കൊച്ചി കോർപ്പറേഷനിലേയും സമീപ പഞ്ചായത്തുകളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കുന്നതാണ്. ഉദയംപേരൂർ പഞ്ചായത്തിൽ ചൂണ്ടി ജലവിതരണശാലയിൽ നിന്നുമാണ് ജലം വിതരണം ചെയ്യുന്നത്. പ്രസ്തുത പഞ്ചായത്തിൽ ജലജീവൻ മിഷനിലുൾപ്പെടുത്തി 1000 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ഭരണാനുമതി നൽകി പണികൾ ആരംഭിച്ചിട്ടുള്ളതും 78 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുള്ളതുമാണ്. ചൂണ്ടി ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി 10 ദശലക്ഷം ലിറ്റർ ശുദ്ധജലം ലഭ്യമാക്കുന്നതിന് 100 എച്ച്.പി. പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കാവശ്യമായ 76 കോടി രൂപയുള്ള ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം പ്രാവർത്തികമാക്കാനും ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കാനും സാധിക്കുന്നതാണ്.

(7) റോഡ് നവീകരണം

ശ്രീ. മുരളി പെരുനെല്ലി: പാവറട്ടി സെന്ററിലെ റോഡ് നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പാവറട്ടി സെന്ററിലെ റോഡ് നവീകരണത്തിനായി പുറമ്പോക്ക് ഭൂമി നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനും സ്ഥലം ഏറ്റെടുത്ത് പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുമായുള്ള റീ-ടെണ്ടർ നടപടികൾ നടന്നുവരികയാണ്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രധാന പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്.

(8) പാലം നിർമ്മാണം

ശ്രീ. ബി. സത്യൻ: ചിറയിൻകീഴ്-ആറ്റിങ്ങൽ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വക്കം-കായിക്കരക്കടവ് പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വക്കം-കായിക്കര ഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പാലത്തിന് 25 കോടി രൂപ 2017-18-ലെ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകുകയും 28.32 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ തുടർനടപടികൾ കിഫ്ബിയിൽ നടന്നുവരികയാണ്.

(9) <u>ബൈപ്പാസ് വികസനം</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: കോട്ടക്കൽ-പുത്തൂർ ചെനയ്ക്കൽ ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ കണ്ടിൻജൻസി ഫണ്ട് ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): കോട്ടക്കൽ-പുത്തൂർ ചെനയ്ക്കൽ ബൈപ്പാസ് നിർമ്മാണപ്രവൃത്തിക്ക് വേണ്ട കണ്ടിൻജൻസി ഫണ്ടിനായുള്ള പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) <u>മലപ്പുറം മേഖലാ കേന്ദ്രം</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സ്കോൾ കേരളയുടെ മലപ്പുറത്തുള്ള മലബാർ മേഖലാകേന്ദ്രം ശാക്തീകരിക്കുന്നതിനും നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സ്കോൾ കേരളയുടെ സംസ്ഥാന കേന്ദ്രത്തിലും മലപ്പുറം മേഖലാ കേന്ദ്രത്തിലും കേന്ദ്രീകരിച്ചിരുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന വിവിധ സേവനങ്ങൾ അതത് ജില്ലാ കേന്ദ്രങ്ങളിലേയ്ക്ക് വികേന്ദ്രീകരിച്ച് നൽകുന്നതിനുള്ള

തീരുമാനം മാത്രമാണ് കൈക്കൊണ്ടിട്ടുള്ളത്. സ്കോൾ കേരള നടത്തുന്ന എല്ലാ കോഴ്സുകൾക്കും ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായം ഏർപ്പെടുത്തിയതിനെത്തുടർന്ന് മേഖലാ കേന്ദ്രംവഴി ലഭ്യമായിരുന്ന സേവനങ്ങൾ ജില്ലാ കേന്ദ്രങ്ങൾ വഴി നൽകുന്ന സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾക്ക് മാത്രമാണ് മലബാർ മേഖലാ കേന്ദ്രത്തിന്റെ സേവനം ഉപയോഗിക്കേണ്ടിവരുന്നത്. ഹൈക്കോടതിയുടെ പരിഗണനയിലുള്ള ഹർജികളുടെ തീർപ്പിന് വിധേയമായി സ്കോൾ കേരളയിലെ ജീവനക്കാരെ നിയമപ്രകാരം ക്രമപ്പെടുത്തുന്നതിനുവേണ്ടിയുള്ള സ്കീം സർക്കാരിന്റെ പരിഗണനയിലാണ്. അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## (11) കാട്ടുപന്നിശല്യം

ശ്രീ. രാജു എബ്രഹാം: കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): കാട്ടുപന്നി ശല്യത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിന് ഉപാധികളോടെ അവയെ വെടിവച്ചുകൊല്ലാൻ അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകുകയും

നാളിതുവരെ 91 പന്നികളെ  വെടിവച്ച് കൊല്ലുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ഉത്തരവ് പ്രകാരം വനത്തിന് രണ്ട് കിലോമീറ്ററിനപ്പുറം മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ വിഷപ്രയോഗം, സ്ഫോടക വസ്തുക്കളുടെ ഉപയോഗം, വൈദ്യുതാഘാതമേൽപ്പിക്കൽ എന്നിവയൊഴികെയുള്ള മാർഗ്ഗങ്ങളിലൂടെ ഉന്മൂലനം ചെയ്യാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. കാട്ടുപന്നിശല്യം അവസാനിപ്പിക്കുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഓരോ ഡിവിഷനിലും ടാസ്ക്ഫോഴ്സ് രൂപീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## VI ക്രമപ്രശ്നം

### സി. ആന്റ് എ. ജി. റിപ്പോർട്ടിലെ ഉള്ളടക്കം പരസ്യപ്പെടുത്തൽ

ശ്രീ. വി. ഡി. സതീശൻ: സി. ആന്റ് എ. ജി. റിപ്പോർട്ട് ഗവർണ്ണർക്കുവേണ്ടി സഭയിൽ വയ്ക്കേണ്ട ധനകാര്യ വകുപ്പുമന്ത്രി പത്രസമ്മേളനത്തിലൂടെ റിപ്പോർട്ടിന്റെ ഉള്ളടക്കം പരസ്യപ്പെടുത്തുകയും ബഡ്ജറ്റിൽ പ്രതിപാദിക്കുകയും ചെയ്തത് സഭയുടെ അവകാശങ്ങൾ നിഷേധിക്കുന്നതും സത്യപ്രതിജ്ഞാലംഘനവുമാണ്. ഈ വിഷയം പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിയുടെ പരിഗണനയിലുള്ളതാണ്.

സി. ആന്റ് എ. ജി. റിപ്പോർട്ടിനോടൊപ്പം ധനകാര്യ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് കൂടി മേശപ്പുറത്ത് വയ്ക്കുന്ന കീഴ്വഴക്കം ഭരണഘടനാ വിരുദ്ധമാണ്.

മി. സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ അവകാശ ലംഘന നോട്ടീസ് നൽകിയിട്ടുള്ളതും പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റിയുടെ പരിഗണനയിലുള്ളതുമാണ്. സമിതി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനുമുമ്പ് ചർച്ച ചെയ്യുന്നത് ശരിയല്ല. ധനകാര്യ വകുപ്പുമന്ത്രിയുടെ ഒബ്സർവേഷനോടുകൂടി സി. ആന്റ് എ.ജി. റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗവർണ്ണർ രേഖാമൂലം അനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പ്രിവിലേജസ് ആന്റ് എഥിക്സ് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം അതുസംബന്ധിച്ച് ചർച്ച ചെയ്യാം. റിപ്പോർട്ട് തയ്യാറാക്കിയതിൽ വന്നിട്ടുള്ള വീഴ്ച വിശദമാക്കിക്കൊണ്ടുള്ള കുറിപ്പ് സഹിതമാണ് ഗവർണ്ണർക്ക് നൽകിയത്.

**റൂളിംഗ്**

മി. സ്പീക്കർ: ഭരണഘടനയുടെ 152 (1) പ്രകാരം ഗവർണ്ണറുടെ സമ്മതത്തോടുകൂടിയാണ് സി.&എ.ജി. റിപ്പോർട്ട് സഭയിൽ

സമർപ്പിക്കേണ്ടതെന്നും ധനകാര്യ വകുപ്പുമന്ത്രിയുടെ നിരീക്ഷണംകൂടി ആകാമെന്നും ഭരണഘടനയിൽ പറഞ്ഞിട്ടുണ്ട്. അസാധാരണമായ സാഹചര്യത്തിലാണ് ഇങ്ങനെ സംഭവിച്ചത്. ആ സാഹചര്യത്തെക്കുറിച്ച് പി.എ.സി.-ക്ക് പരിശോധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## VII മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VIII റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

1. പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ നൂറ്റിപ്പത്തു മുതൽ നൂറ്റിമുപ്പത് വരെയുള്ള റിപ്പോർട്ടുകൾ
2. സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനേഴ് മുതൽ പത്തൊമ്പത് വരെയുള്ള റിപ്പോർട്ടുകൾ.
3. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്.

## IX ധനകാര്യം

### 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. വി. ശശി): ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നിരവധി വെല്ലുവിളികൾ നേരിടുന്ന ദേശീയ പശ്ചാത്തലമാണ് ഈ സർക്കാരിന്റെ മുന്നിലുള്ളത്. കേന്ദ്ര കാർഷിക ഭേദഗതി ബില്ലിനെതിരെ ഈ സഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയത് കേരളത്തിന്റെ സമ്പദ്ഘടനയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്. കോവിഡ് കാലത്ത് സൗജന്യ റേഷനും ഭക്ഷ്യക്കിറ്റും വിതരണം ചെയ്യാനും ക്ഷേമ പെൻഷൻ വർദ്ധിപ്പിക്കാനും കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. ഗെയിൽ വാതക പൈപ്പ് ലൈൻ, കേരള ബാങ്ക്, കൊച്ചിൻ മെട്രോ റെയിൽ തുടങ്ങിയ വൻകിട പദ്ധതികൾ പൂർത്തീകരിക്കാനും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്. ആശാ വർക്കർമാർക്കും അങ്കണവാടി വർക്കർമാർക്കും തൊഴിലുറപ്പ് തൊഴിലാളികൾക്കും ബജറ്റിൽ അർഹമായ പരിഗണന നൽകിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവിലയും നെല്ല്, നാളികേരം എന്നിവയുടെ സംഭരണ വിലയും വർദ്ധിപ്പിക്കാനുള്ള തീരുമാനം കർഷകർക്ക്

ആശ്വാസമേകുന്നതാണ്. വയോജനങ്ങൾക്ക് ഒരു ശതമാനം ഇളവോടെ മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുമെന്ന തീരുമാനം ശ്ലാഘനീയമാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: ബജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി സംബന്ധിച്ച വിശദാംശം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 25000 കോടി രൂപയുടെ കമ്മി ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. റീ-ബിൽഡ് കേരളയിൽ പ്രളയ ദുരിതബാധിതരെ സഹായിക്കാനുള്ള ഒരു പദ്ധതിയും നടക്കുന്നില്ല. കിഫ്ബി പദ്ധതികളുടെ പേരിൽ പ്ലാൻ ഫണ്ടിൽ കുറവ് വരുത്തുന്ന രീതി ശരിയല്ല. ഇടുക്കി, കാസർഗോഡ്, വയനാട് പാക്കേജുകൾക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനോ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാർക്ക് മിനിമം പെൻഷൻ ഉറപ്പാക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിക്കുന്നതിനോ സാധിച്ചിട്ടില്ല. നികുതി കുടിശ്ശിക പിരിക്കുന്നതിൽ വലിയ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: ബജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചതും ലൈഫ് മിഷൻവഴി ഒന്നര ലക്ഷം വീടുകൾ നിർമ്മിച്ചു നൽകുമെന്ന് പ്രഖ്യാപിച്ചതും ഇരുപത് ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ നൽകുന്നതിനുള്ള തീരുമാനമെടുത്തതും

ശ്രദ്ധേയമായ നേട്ടങ്ങളാണ്. നെല്ലിന്റെയും നാളികേരത്തിന്റെയും സംഭരണവിലയും റബ്ബറിന്റെ തറവിലയും വർദ്ധിപ്പിച്ചതും തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതും ആശാ വർക്കർമാരുടെ വേതനം വർദ്ധിപ്പിച്ചതും ഡിജിറ്റൽ സാങ്കേതികവിദ്യ സാധാരണക്കാരിലേയ്ക്ക് എത്തിക്കുന്നതിനുള്ള തീരുമാനമെടുത്തതും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: ബജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ ബജറ്റിലെ പല പദ്ധതികളും വാഗ്ദാനങ്ങളായി മാത്രം അവശേഷിക്കുകയാണ്. ഭാവനാ സമ്പന്നവും യാഥാർത്ഥ്യബോധം ഉൾക്കൊള്ളാൻ സാധിക്കാത്തതുമായ ബജറ്റാണിത്.

<u>ശ്രീ. സി. ദിവാകരൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ പുതുതലമുറയെ മുന്നിൽക്കണ്ടുകൊണ്ട് ഒരു ന്യൂജെൻ ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സാധാരണക്കാർക്ക് പ്രാപ്യമാകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിൽ മുൻഗണന നൽകി മുന്നോട്ടുപോകുന്ന സർക്കാർ നിലപാട് പ്രശംസനീയമാണ്. സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ ഓണറേറിയവും പാചകത്തൊഴിലാളികളുടെയും അങ്കണവാടി

ടീച്ചർമാരുടെയും ഹെൽപ്പർമാരുടെയും വേതനവും വർദ്ധിപ്പിച്ചത് എടുത്തുപറയാവുന്നവയാണ്. ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കി അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ മാതൃകാപരമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കോവിഡ് മഹാമാരിയെ അതിജീവിക്കാൻ സമസ്ത മേഖലയും പ്രത്യേകിച്ച് ആരോഗ്യമേഖല വഹിച്ച പങ്ക് നിസ്തുലമാണ്.

ശ്രീ. പി. ജെ. ജോസഫ്: ബജറ്റിനെ എതിർക്കുന്നു. മുൻവർഷത്തെ ബജറ്റുകളുടെ ആവർത്തനവും പൊള്ളയായ വാഗ്ദാനങ്ങളും മാത്രമുള്ള ബജറ്റാണിത്. കേരളത്തിന് അവകാശപ്പെട്ട സ്കീമുകൾ കേന്ദ്രത്തിൽനിന്നും നേടിയെടുക്കുന്നതിന് സർക്കാർ തയ്യാറാകണം. ഇടുക്കി പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിനും നാളികേരത്തിന് 40 രൂപ താങ്ങുവില പ്രഖ്യാപിക്കുന്നതിനും ക്ഷീരമേഖലയുടെ പരിപോഷണത്തിനാവശ്യമായ വിഭവസമാഹരണം നടത്തുന്നതിനും നടപടി സ്വീകരിക്കണം. ഐ.ടി. അധിഷ്ഠിത ഉന്നതവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തണം.

ശ്രീ. മുരളി പെരുനെല്ലി: ബജറ്റിനെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യ രംഗത്ത് കേരളം അഭിമാനകരമായ നേട്ടങ്ങളാണ്

കൈവരിച്ചത്. കോവിഡ് ചികിത്സ സൗജന്യമാക്കിയതും നെല്ലിന് താങ്ങുവില നിശ്ചയിച്ചതും 16 ഇനം പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമാക്കുമെന്ന തീരുമാനം അഭിനന്ദനാർഹമാണ്. ഗെയിൽ പൈപ്പ്ലൈൻ യാഥാർത്ഥ്യമാക്കൽ, പൊതുവിദ്യാഭ്യാസ മേഖലയിലെ ആധുനികവൽക്കരണം, ക്ഷേമപെൻഷനുകളുടെ വർദ്ധനവ് എന്നിവ സർക്കാരിന്റെ നേട്ടങ്ങളാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: നെല്ല്, നാളികേരം എന്നിവയുടെ സംഭരണവിലയും റബ്ബറിന്റെ താങ്ങുവിലയും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും വർദ്ധിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ഒന്നരലക്ഷം വീടുകൾകൂടി നിർമ്മിച്ചുനൽകുമെന്ന പ്രഖ്യാപനവും ക്ഷേമപെൻഷനുകൾ 1600 രൂപയാക്കി വർദ്ധിപ്പിച്ചതും നെല്ല്, തേങ്ങ, റബ്ബർ എന്നിവയുടെ താങ്ങുവില വർദ്ധിപ്പിച്ചതും ശ്ലാഘനീയമാണ്. ഒട്ടനവധി ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ

മുന്നോട്ടുപോകുന്നത്. ശക്തമായ പ്രതിരോധ നടപടികളിലൂടെ കോവിഡ് മരണനിരക്ക് കുറയ്ക്കാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്.

ശ്രീ. അൻവർ സാദത്ത്: ബജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ആലുവ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ മന്ദഗതിയിലാണ് മുന്നോട്ടുപോകുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളെ സാമ്പത്തികമായി അസ്ഥിരപ്പെടുത്തുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കോവിഡ് പ്രതിരോധത്തിൽ സർക്കാരിന് വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നത് വസ്തുതയാണ്. ആലുവ യു.സി. കോളേജ് ലൈബ്രറിക്ക് പി. ഗോവിന്ദപിള്ളയുടെ പേര് നൽകിയ നടപടി പുനഃപരിശോധിക്കണം. കേരഫെഡ്, കില, കെൽട്രോൺ എന്നീ സ്ഥാപനങ്ങളിലെ അനധികൃത കരാർ നിയമനങ്ങൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു: ബജറ്റിനെ അനുകൂലിക്കുന്നു. സാധാരണ ജനങ്ങളെ സഹായിക്കുന്ന തരത്തിലുള്ള ഒരു ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. റോഡുകളും പാലങ്ങളുമടക്കമുള്ള വികസന പ്രവർത്തനങ്ങളുടെ ഫലമായി അഭ്യസ്തവിദ്യരായ നിരവധി പേർക്ക് ജോലി ലഭിക്കുന്ന സാഹചര്യമുണ്ടായിരിക്കുകയാണ്. തരിശുഭൂമിയിലടക്കം കൃഷി

പ്രോത്സാഹിപ്പിച്ച് കാർഷികോത്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. സാമ്പത്തിക രംഗത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളുമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ പുരോഗതിക്കാവശ്യമായ നിരവധി ക്ഷേമപദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മിടുക്കരായ വിദ്യാർത്ഥികളെ നാട്ടിൽത്തന്നെ നിലനിർത്തി നാടിന്റെ ഭാവിക്ക് ഉതകുന്ന രീതിയിൽ ഫെലോഷിപ്പ് നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. വ്യാപാരികളുടെ നികുതി കുടിശ്ശിക മുഴുവൻ ഒന്നിച്ച് അടയ്ക്കുന്നതിനുപകരം വാർഷിക അടിസ്ഥാനത്തിലാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം. നിർമ്മാണ വസ്തുക്കൾക്കുണ്ടാകുന്ന വിലവർദ്ധനവിനാനുപാതികമായ തുക കോൺട്രാക്ട് വർക്കുകളേറ്റെടുത്ത് നടത്തുന്നവർക്ക് ലഭ്യമാക്കണം.

ശ്രീ. സി. കൃഷ്ണൻ: ബജറ്റിനെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സമസ്ത മേഖലകൾക്കും മുന്തിയ പരിഗണന നൽകാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഖാദി മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനും

കലാകാരന്മാരെ സഹായിക്കുന്നതിന് പദ്ധതി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഇന്റർനെറ്റ് സംവിധാനം എത്തിക്കാനുള്ള കെ-ഫോൺ പദ്ധതിയും കെ-ഡിസ്ക് പ്രോജക്ടിലൂടെ 20 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. ഈ ബജറ്റിൽ വനിതകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. കിഫ്ബി വഴി 40100 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകാൻ സാധിച്ചിട്ടുണ്ട്. കൊവിഡ് മഹാമാരിയിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനായി നിരവധി പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. പി. കെ. ബഷീർ</u>: ബജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ആംനസ്റ്റി സ്കീമിൽ 5 വർഷം കുടിശ്ശികയുള്ളവർക്കായി അനുവദിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിമൂലം വ്യാപാരികൾ കൂടുതൽ തുക അടയ്ക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടിയുണ്ടാകണം. പ്രളയ സെസ് എത്ര രൂപയാണ് പിരിഞ്ഞുകിട്ടിയതെന്നും എന്താവശ്യത്തിനാണ് ഉപയോഗിച്ചതെന്നും വ്യക്തമാക്കണം.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: ബജറ്റിനെ എതിർക്കുന്നു. ആദിവാസികൾക്ക് ഭൂമി, കുട്ടനാട്, വയനാട് പാക്കേജുകൾ, ചെറുകിട വ്യവസായ മേഖലകളിൽ തൊഴിലവസരങ്ങൾ, ആരോഗ്യ ഇൻഷ്വറൻസ്, മലയോര തീരദേശ ഹൈവേ, പട്ടിക വിഭാഗക്കാർക്ക് തൊഴിലവസരങ്ങൾ തുടങ്ങിയ പ്രഖ്യാപനങ്ങളെല്ലാം ജലരേഖയാണ്. പാലക്കാട് ജില്ലയിലെ കുഴൽമന്ദം ജി.എച്ച്.എസ്.-ന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. സജി ചെറിയാൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടി, കിഫ്ബി പദ്ധതി, ഹരിത കേരളം മിഷൻ തുടങ്ങിയവയെല്ലാം സമാനതകളില്ലാത്ത നേട്ടങ്ങളാണ്. സ്കൂളുകൾ ഹൈടെക് ആക്കിയതും പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതും ആരോഗ്യ മേഖല ലോകത്തിന് മാതൃകയായതും കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമായതും അഭിനന്ദനാർഹമായ കാര്യങ്ങളാണ്. സാമ്പത്തിക വളർച്ച വർദ്ധിച്ചതും പൊതുമേഖലയിൽ ലാഭമുണ്ടാക്കിയതും ദാരിദ്ര്യം പൂർണ്ണമായി തുടച്ചുനീക്കിയതും സ്കൂൾ പാചകത്തൊഴിലാളികളുടെയും ആശാ വർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും വേതനം വർദ്ധിപ്പിച്ചതും

ഉന്നതവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിന് പണം അനുവദിച്ചതും കാർഷിക വിളകൾക്ക് തറവില പ്രഖ്യാപിച്ചതും ശ്ലാഘനീയമാണ്.

## X നിയമനിർമ്മാണകാര്യം

### 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2020-ലെ 45-ാം ഓർഡിനൻസ് പ്രകാരം 2020 ഒക്ടോബർ 2-ാം തീയതിയാണ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാടിന് സമർപ്പിച്ചത്. സർവ്വകലാശാല ഓർഡിനൻസും സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരുടെ നിയമന ഉത്തരവും അടങ്ങിയ അപേക്ഷ ഓപ്പൺ സർവ്വകലാശാല 28.10.2020-ന് യു.ജി.സി.-ക്ക് സമർപ്പിച്ചുവെങ്കിലും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. മറ്റ് സർവ്വകലാശാലകൾ വിദൂരവിദ്യാഭ്യാസ മാതൃകയിൽ പ്രദാനം ചെയ്യുന്ന എല്ലാ കോഴ്സുകളും ആരംഭിക്കാനാണ് ഓപ്പൺ സർവ്വകലാശാല ഉദ്ദേശിക്കുന്നത്. സിലബസും പഠന മെറ്റീരിയലും തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ബിരുദ/ബിരുദാനന്തര കോഴ്സുകൾ തുടങ്ങുന്നതിനാണ് യു.ജി.സി.-യുടെ കീഴിലുള്ള വിദൂര വിദ്യാഭ്യാസ ബ്യൂറോയുടെ അംഗീകാരം ലഭിക്കേണ്ടത്. സർട്ടിഫിക്കറ്റ് ഡിപ്ലോമ, പോസ്റ്റ്ഗ്രാജ്വേറ്റ് ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾ പ്രദാനം ചെയ്യാൻ സർവ്വകലാശാലയ്ക്ക് നിലവിൽ അധികാരമുള്ളതിനാലാണ് ഓപ്പൺ

സർവ്വകലാശാല ആദ്യ സംരംഭമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് 'വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണവും' എന്ന വിഷയത്തിൽ പരീക്ഷയുൾപ്പെടെ നടത്താൻ തീരുമാനിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചത്. ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 16 ക്രെഡിറ്റുകൾ ലഭിക്കും. ഉപരിപഠനത്തിന് ശ്രമിക്കുന്നവർക്ക് ഈ ക്രെഡിറ്റുകൾ പ്രയോജനപ്പെടുത്താൻ കഴിയും. ഈ സർട്ടിഫിക്കറ്റ് കോഴ്സ് മാർച്ച് ആദ്യവാരം ആരംഭിക്കാനാണ് ഓപ്പൺ സർവ്വകലാശാല ലക്ഷ്യമിടുന്നത്. ശ്രീനാരായണഗുരുവിന്റെ പേരിൽ രൂപീകരിച്ച ഓപ്പൺ സർവ്വകലാശാല മെച്ചപ്പെട്ട ഉന്നതവിദ്യാഭ്യാസം പ്രദാനം ചെയ്യാൻ രൂപകൽപ്പന ചെയ്തിട്ടുള്ള സംരംഭമാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസ പ്രക്രിയയിലധിഷ്ഠിതമായ അക്കാഡമിക് വ്യവഹാരങ്ങളാണ് പുതിയ സർവ്വകലാശാലയിൽ നടക്കുക. വിവിധ മേഖലകളിലെ നൈപുണ്യ വികസനത്തിനുതകുന്ന വ്യത്യസ്ത കോഴ്സുകൾ ഓപ്പൺ സർവ്വകലാശാലയെ വേറിട്ട് നിർത്തും. വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന കോഴ്സുകൾക്കും ഈ സർവ്വകലാശാല സാഹചര്യമൊരുക്കും. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിലെ അധഃസ്ഥിതരുടെ

കൈത്തൊഴിലുകളും പാരമ്പര്യ അറിവുകളും ഓപ്പൺ സർവ്വകലാശാലയുടെ പരിശീലന പദ്ധതികളിൽ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയും ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെയും നിയമങ്ങൾക്ക് വിധേയമായി കേരളത്തിലെ പ്രഥമ ഓപ്പൺ സർവ്വകലാശാല ജനങ്ങളിലേയ്ക്ക് കടന്നുവരുന്ന ചരിത്രമുഹൂർത്തത്തിനാണ് കേരള നിയമസഭ സാക്ഷ്യം വഹിക്കുന്നത്.

ശ്രീ. ടി. എ. അഹമ്മദ് കബീർ: I move that -

" This House resolves to disapprove The Sree Narayanaguru Open University Ordinance, 2020 (Ordinance No.45 of 2020)."

ശ്രീനാരായണഗുരുവിന്റെ പേരിലുള്ള ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കേരള ജനത എല്ലാവിധ പിന്തുണയും നൽകും. ഈ സർവ്വകലാശാല ഉന്നത നിലവാരം പുലർത്തുമെന്ന് ഉറപ്പുവരുത്തണം. മലയാളിയുടെ അന്തസ്സുയർത്തുന്ന വലിയ സ്ഥാപനമായി ഓപ്പൺ സർവ്വകലാശാല മാറട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. എസ്. ശബരീനാഥൻ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ശ്രീനാരായണ-ഗുരുദേവന്റെ നാമധേയത്തിൽ ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനെ

സ്വാഗതം ചെയ്യുന്നു. പ്രസ്തുത യൂണിവേഴ്സിറ്റി വരുന്നതോടുകൂടി നിലവിലുള്ള വിദൂര വിദ്യാഭ്യാസ സംവിധാനത്തിലെ ജീവനക്കാരുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഗ്രാമീണമേഖലയിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം പ്രാപ്യമാക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി ആരംഭിച്ച യു.ഐ.ടി.-ക്ക് (യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി) യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും യാതൊരു സഹായവും ലഭിക്കുന്നില്ല. പ്രഗത്ഭരും പ്രൊഫഷണൽ യോഗ്യതയുള്ളവരും പുതിയ ആശയങ്ങൾ നടപ്പാക്കാൻ കഴിവുള്ളവരുമായിരിക്കണം ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഭരണനേതൃത്വത്തിലേയ്ക്ക് വരേണ്ടത്. ജീവനക്കാരുടെ താല്പര്യവും നിർദ്ദേശങ്ങളും പരിഗണിച്ചും സാധാരണക്കാർക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാകുന്ന വിധത്തിലുമാകണം ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം. കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ സെനറ്റിലോ സിൻഡിക്കേറ്റിലോ ഈ സഭയിലെ ഒരംഗംപോലുമില്ലാത്തത് നിയമസഭയോടുള്ള അവഹേളനമാണ്. ഗുരുദേവന്റെ പ്രവർത്തിയും യശസ്സും വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനം ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. മുകേഷിനുവേണ്ടി <u>ശ്രീ. എ. എൻ. ഷംസീർ</u>: 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-01-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിക്ക് സമാനമായ ഒരു വിദ്യാഭ്യാസ സ്ഥാപനം കേരളത്തിൽ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. സാഹചര്യങ്ങൾകൊണ്ട് പഠനം ഉപേക്ഷിക്കേണ്ടിവന്നവരെ വീണ്ടും പഠനത്തിലേയ്ക്ക് കൊണ്ടുവരികയെന്നതാണ് ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ലക്ഷ്യം. ശാസ്ത്രവിഷയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും പ്രോഗ്രസ്സീവ് കാഴ്ചപ്പാട് വളർത്തുന്നതുമായ വിദ്യാഭ്യാസക്രമം രൂപപ്പെടേണ്ടത് ഈ കാലഘട്ടത്തിൽ അനിവാര്യമാണ്. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്ന് വ്യതിചലിച്ച് ആധുനിക ശാസ്ത്രസാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വിദൂര വിദ്യാഭ്യാസത്തിലൂടെ ഉന്നത വിദ്യാഭ്യാസം പ്രദാനം ചെയ്യാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുവേണ്ടി സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നത് മാതൃകാപരമാണ്. മറ്റ് യൂണിവേഴ്സിറ്റികളിലേതുപോലെ കർക്കശമായ നിലപാട് ഓപ്പൺ യൂണിവേഴ്സിറ്റി സ്വീകരിക്കരുത്.

യൂണിവേഴ്സിറ്റിയുടെ പ്രഥമ പരിഗണന വിദ്യാർത്ഥികൾക്കായിരിക്കുകയും യൂണിവേഴ്സിറ്റികളെ നിയന്ത്രിക്കാൻ സർക്കാരിന് സാധിക്കുകയും വേണം. തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുകയും ഫീസ്ഘടന സാധാരണക്കാരന് താങ്ങാനാകുന്നതുമാകണം. പുതിയ തസ്തികകൾ സൃഷ്ടിച്ച് യൂണിവേഴ്സിറ്റികളിലെ സ്റ്റാഫ് ഷോർട്ടേജ് പരിഹരിക്കാൻ നടപടിയെടുത്തത് സ്വാഗതാർഹമാണ്.

ശ്രീ. എം. ഉമ്മർ: 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീനാരായണഗുരുവിന്റെ പേരിൽ ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് അഭിമാനകരമാണ്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ബിൽ സമഗ്രമായ ചർച്ചയ്ക്ക് വിധേയമാക്കി കുറ്റമറ്റരീതിയിൽ നടപ്പിലാക്കാനും വിദൂരവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഉദ്ദേശ്യശുദ്ധി നിലനിർത്തിക്കൊണ്ടുള്ള പഠന രീതി അവലംബിക്കാനും തയ്യാറാകണം. നിയമപരമായ മറ്റ് തടസ്സങ്ങളില്ലെങ്കിൽ നിലവിലെ സർവ്വകലാശാലകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവിടെത്തന്നെ പഠിക്കാനുള്ള അവസരമുണ്ടാക്കണം. വിദൂര വിദ്യാഭ്യാസ സംവിധാനത്തിലൂടെ ഇത്തരം സർവ്വകലാശാലകൾക്ക്

ലഭിക്കുന്ന ഫണ്ട് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കുറയുന്നതോടൊപ്പം സർവ്വകലാശാലകളുടെ നിലനിൽപ്പിനെ സാരമായി ബാധിക്കുകയും ചെയ്യും. നാക് (NAAC) അക്രെഡിറ്റേഷനുള്ള സർവ്വകലാശാലകൾക്കുമാത്രം പുതിയ കോഴ്സുകൾ അനുവദിക്കാതെ മറ്റ് സർവ്വകലാശാലകളിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കി പുതിയ കോഴ്സുകൾ അനുവദിക്കണം. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായതിനുശേഷം മറ്റ് സർവ്വകലാശാലകളിൽ നിന്നുള്ള പ്രവേശനം നിർത്തലാക്കുന്നതാണ് ഉചിതം.

ശ്രീ. വി. ഡി. സതീശൻ: ഭേദഗതിയെ പിന്താങ്ങുന്നു. നിലവിലെ സർവ്വകലാശാലകളെ അപേക്ഷിച്ച് എടുത്തുപറയത്തക്ക സവിശേഷതകളില്ലാത്ത പുതിയ സർവ്വകലാശാലാ രൂപീകരണത്തിനുള്ള അടിയന്തര നിയമനിർമ്മാണം പുന:പരിശോധിക്കണം. മറ്റുള്ള സർവ്വകലാശാലാ നിയമങ്ങളും സംവിധാനങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള നിയമമാണ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ഭാഗമായി കൊണ്ടുവന്നിരിക്കുന്നത്. വിദൂരവിദ്യാഭ്യാസ സംവിധാനം അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുപയുക്തമായ നിർദ്ദേശങ്ങളൊന്നും ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത സർവ്വകലാശാല ആരംഭിക്കുന്നതിലൂടെ

നിലവിലുള്ള സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്തമായി പ്രാവർത്തികമാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കണം. ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് സൂചിപ്പിച്ചിരിക്കുന്നത്. വൻസാമ്പത്തിക ബാധ്യത വരുന്ന, പ്രത്യേക ലക്ഷ്യങ്ങളൊന്നുമില്ലാത്ത പുതിയൊരു സർവ്വകലാശാലയ്ക്ക് രൂപം നൽകുന്നതിന്റെ കാരണം വിശദമാക്കണം. സർവ്വകലാശാലകളെ റിസർച്ച് ഓറിയന്റഡാക്കുന്നതിനും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടിയുണ്ടാകണം. കൂട്ടായ ചർച്ചയിലൂടെ അഭിമാനകരമായ ഒരു സ്ഥാപനമാക്കി പ്രസ്തുത സർവ്വകലാശാലയെ മാറ്റണം.

ശ്രീ. ആർ. രാജേഷ്: ഭേദഗതിയെ പിന്താങ്ങുന്നു. വിദൂര വിദ്യാഭ്യാസത്തിന് മാത്രമായി ശ്രീനാരായണഗുരുവിന്റെ പേരിൽ ഒരു സർവ്വകലാശാല രൂപീകരിക്കാൻ സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലും സെനറ്റിലും ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണം. മാനവിക വിഷയങ്ങൾ, സയൻസ്, പരിസ്ഥിതി, പ്രകൃതി ദുരന്തങ്ങൾ, ഭരണഘടന, മനുഷ്യനന്മ തുടങ്ങിയവയുമായി ബന്ധപ്പെട്ട കോഴ്സുകൾ വിദൂര വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആരംഭിക്കണം. ഓൺലൈൻ സംവിധാനം ഉൾപ്പെടെ

പ്രയോജനപ്പെടുത്തിക്കൊണ്ട് ഉയർന്ന അക്കാഡമിക നിലവാരം പുലർത്തുന്ന ഒന്നായി പ്രസ്തുത സർവ്വകലാശാല മാറണം. എല്ലാ ജില്ലകളിലും സർവ്വകലാശാലയുടെ റീജിയണൽ സെന്ററുകൾ ആരംഭിക്കണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): മഹത്തായ ലക്ഷ്യത്തോടെയാണ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് തുടക്കംകുറിച്ചിരിക്കുന്നത്. കേരളത്തിലെ സർവ്വകലാശാലകളെ മികച്ച നിലവാരത്തിലെത്തിക്കുന്നതിനുള്ള പരിശ്രമവും ഇതോടൊപ്പം നടത്തുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി 3000 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. വിദൂരവിദ്യാഭ്യാസം നടത്തുന്നവർക്ക് സ്വന്തം സർവ്വകലാശാലയിലാണ് പഠിക്കുന്നതെന്ന ബോധം ഉണ്ടാക്കുന്നതിന് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല രൂപീകരണം കാരണമായിത്തീരും. ഗുരുദേവ ദർശനങ്ങളിലും ശാസ്ത്ര വിഷയങ്ങളിലും ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കും. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരം നേടിയെടുക്കുകയെന്ന ഉദ്ദേശത്തോടെയാണ് നിയമനിർമ്മാണം നടത്തുന്നത്. ശാസ്ത്ര വിദ്യാർത്ഥികൾക്ക് മേഖലാ

കേന്ദ്രങ്ങളും സ്റ്റഡി സെന്ററുകളുമാകുന്ന കോളേജുകളിലെ ലാബ് പ്രയോജനപ്പെടുത്താം.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

## XI അറിയിപ്പ്

മി. സ്പീക്കർ: മഹാകവി കുമാരനാശാന്റെ പ്രജാസഭാ പ്രവേശനത്തിന്റെ അഷ്ടോത്തര ശതാബ്ദിയും ചരമവാർഷികവും ഒത്തുചേരുന്ന വേളയിൽ കേരള നിയമസഭയുടെ സി.പി.എസ്.ടി.-യുടെയും കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മഹാകവിയുടെ സ്മരണാർത്ഥം ഇന്ന് നിയമസഭാ സമുച്ചയത്തിലെ ശങ്കരനാരായണൻതമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഒരു ചടങ്ങ് സംഘടിപ്പിക്കുന്നുണ്ട്. തദവസരത്തിൽ ആശാൻ സാഹിത്യത്തിൽ ആഴത്തിൽ പഠനം നടത്തിയിട്ടുള്ള പ്രൊഫസർ

എം. കെ. സാനുവിനെ ആദരിക്കുകയും അദ്ദേഹം പ്രഭാഷണം നടത്തുകയും ചെയ്യും. തുടർന്ന് നിയമസഭാ സെക്രട്ടേറിയറ്റ് തയ്യാറാക്കിയ റഫറൻസ് ഗ്രന്ഥങ്ങളുടെ പ്രകാശനം നിർവ്വഹിക്കുന്നതാണ്. ഡോ. സുമിതാ നായരും സംഘവും തയ്യാറാക്കിയിട്ടുള്ള ചിന്താവിഷ്ടയായ സീത മോഹിനിയാട്ടം നൃത്താവിഷ്ക്കാരവും ആശാൻ കവിതകളുടെ സംഗീതാവിഷ്കാരം കാവ്യഗീതിയും അതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ മാധ്യമ അവാർഡ് വിതരണവും നടത്തുന്നുണ്ട്. മുഴുവൻ സാമാജികരെയും അതിൽ പങ്കെടുക്കാനായി ക്ഷണിക്കുകയാണ്.

സഭ വൈകുന്നേരം 5.39-ന് പിരിഞ്ഞു.

* * * * *